(ഡി) 14 വർഷവും രണ്ട് മാസവുമായി.

(ഇ) 521 അംഗങ്ങളുണ്ട്.

(എഫ്) 250 പേർക്കാണ് അഡ്മിനിസ്ട്രേറ്റർ അംഗത്വം നൽകിയത്.

കേരളത്തിലെ ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം

115 (2693) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ക്രെഡിറ്റ് സഹകരണസംഘങ്ങൾ കഴിഞ്ഞ 5 വർഷക്കാലയളവിൽ ഇൻഷ്വറൻസ് ഇനത്തിൽ എന്തു തുകയാണ് പ്രീമിയമായി അടച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം അടച്ചിട്ടുള്ള തുകയുടെ കണക്ക് വർഷം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(സി) ക്രെഡിറ്റ് സഹകരണ സംഘങ്ങൾ ഇപ്പോൾ എന്തിനൊക്കെയാണ് ഇൻഷ്വറൻസ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ ക്രെഡിറ്റ് സഹകരണ സംഘങ്ങൾ കഴിഞ്ഞ 5 വർഷം മൊത്തം 25,06,96,773/-രൂപ ഇൻഷ്വറൻസ് പ്രീമിയമായി അടച്ചിട്ടുണ്ട്.

(ബി) വർഷം തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ സ്ഥാവരജംഗമ വസ്തുക്കളുടെ സുരക്ഷിതത്വത്തിനും സ്വർണ്ണപ്പണയ വായ്പയുടെ ഈട് സ്വർണ്ണത്തിനും നീക്കിയിരിപ്പുകൾക്കും, വ്യാപാരാവശ്യത്തിനു വാങ്ങി സൂക്ഷിക്കുന്ന ചരക്കുകൾക്കും, ജീവനക്കാരുടെ ഗ്രാറ്റിവിറ്റിക്കും സംഘാംഗങ്ങളുടെ അപകട പരിരക്ഷയ്ക്കും സംഘത്തിലെ നിക്ഷേപങ്ങൾക്കും ആണ് ഇൻഷ്വറൻസ് ഇനത്തിൽ തുക ചെലവഴിക്കുന്നത്.

എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സംഘങ്ങളുടെ പ്രവർത്തനം

116 (2694) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സംഘങ്ങളുടെ പുരോഗതിക്കും വിപുലീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സംഘങ്ങൾക്ക് ഗവൺമെന്റിൽ നിന്നും നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സംഘങ്ങൾ ഏതൊക്കെയാണെന്നുള്ളതിന്റെ ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) ഇതിൽ ഓരോ സംഘങ്ങൾക്കും ഷെയർ, മാനേജീരിയൽ സബ്സിഡി, പലിശ സബ്സിഡി തുടങ്ങി ഗവൺമെന്റിൽ നിന്നും അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ പൂർണ്ണവിവരം വ്യക്തമാക്കുമോ ;

(ഇ) ഓരോ സംഘങ്ങളിലും പ്രവർത്തിക്കുന്ന അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങളുടെ പുരോഗതിക്കും വിപുലീകരണത്തിനുമായി സർക്കാർ താഴെപ്പറയുന്ന തരത്തിൽ ധനസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഓഹരി മൂലധനം
2. മാനേജീരിയൽ സബ്സിഡി
3. പലിശ സബ്സിഡി

സർക്കാർ ഓഹരി മൂലധനമായി പരമാവധി 5 ലക്ഷം രൂപയും മാനേജീരിയൽ സബ്സിഡിയായി 3 വർഷത്തേക്ക് 30000 രൂപ വീതവും പലിശ സബ്സിഡിയായി മൂന്നു വർഷത്തേക്ക് 30,000 രൂപ വീതവും നൽകി വരുന്നു.

(സി-ഇ) ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.*

മലബാർ ക്യാൻസർ ആശുപത്രി

117 (2695) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിലെ മലബാർ ക്യാൻസർ ആശുപത്രി ഏത് വകുപ്പിന്റെ കീഴിലാണ് ;

(ബി) പ്രസ്തുത ആശുപത്രിയുടെ ഭരണസമിതിയിൽ എത്ര പേർ ഉണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഏത് മാനദണ്ഡത്തിലാണ് ഇവരെ ഭരണസമിതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ ;

(ഡി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിന് എത്ര കോടിയുടെ പ്ലാനാണ് അംഗീകരിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly